## ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# ഖുർആൻ പഠനത്തിന്റെ ശ്രേഷ്ഠത

عَنْ أَبِي هُرَيْرَةَ رَضِيَ اللّٰهُ عَنْهُ قَالَ: قَالَ رَسُولُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ: مَنْ سَلَكَ طَرِيقًا يَلْتَمِسُ فِيهِ عِلْمًا سَهَّلَ اللّٰهُ لَهُ بِهِ طَرِيقًا إِلَى الْجَنَّةِ، وَمَا اجْتَمَعَ قَوْمٌ فِي بَيْتٍ مِنْ بُيُوتِ اللّٰهِ يَتْلُونَ كِتَابَ اللّٰهِ وَيَتَدَارَسُونَهُ فِيمَا بَيْنَهُمْ؛ إِلَّا نَزَلَتْ عَلَيْهِمُ السَّكِينَةُ، وَغَشِيَتْهُمُ الرَّحْمَةُ، وَ حَفَّتْهُمُ الْمَلَائِكَةُ، وَذَكَرَهُمُ اللّٰهُ فِيمَنْ عِنْدَهُ (مسلم)

**അബൂഹുറയ്റയിൽനിന്ന് നിവേദനം. നബി(സ) അരുളി: "ഒരാൾ ജ്ഞാന സമ്പാദന മാർഗത്തിൽ പ്രവേശിച്ചാൽ അല്ലാഹു അവന് സ്വർഗപ്രവേശനത്തിനുള്ള മാർഗം എളുപ്പമാക്കിക്കൊടുക്കും. അല്ലാഹുവിന്റെ ഏതെങ്കിലും ഒരു ഭവനത്തിൽ ഒരുമിച്ചുകൂടുകയും അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും പരസ്പരം ചർച്ച ചെയ്ത് പഠനം നടത്തുകയും ചെയ്തവർക്ക് സമാധാനം ഇറങ്ങാതിരിക്കുകയില്ല. അല്ലാഹുവിന്റെ കാരുണ്യം അവരെ പൊതിയും. മലക്കുകൾ അവരെ വലയം ചെയ്യും. തന്റെ അടുത്തുള്ളവരോട് അല്ലാഹു അവരെക്കുറിച്ച് പറയുകയും ചെയ്യും" (മുസ്‌ലിം).**

യഥാർഥ ജ്ഞാനമേത്, പഠനരീതിയേത്, അതിനുള്ള പദവിയും സ്ഥാനവും പവിത്രതയുമെന്ത് എന്നിത്യാദി കാര്യങ്ങളാണ് ഈ തിരുവചനത്തിന്റെ ഉള്ളടക്കം. ശാശ്വത സ്വർഗത്തിലേക്കുള്ള പ്രവേശനം സുഗമമാക്കിത്തരുന്ന യഥാർഥ ജ്ഞാനം ഖുർആൻ ജ്ഞാനമാണെന്ന് വ്യക്തമാക്കുന്നുണ്ട് തിരുവചനത്തിലെ ഒന്നാമത്തെയും രണ്ടാമത്തെയും വാക്യങ്ങൾ തമ്മിലെ ബന്ധം. അല്ലാഹുവിന്റെ ഗ്രന്ഥം എന്നതാണ് വിശുദ്ധ ഖുർആന്റെ മഹത്വത്തിനും പവിത്രതക്കും ഔന്നത്യത്തിനും നിദാനം. വിശുദ്ധ ഖുർആനിന് അല്ലാഹു നൽകിയ പരിഗണനയും മഹത്വവും കണക്കിലെടുത്തുകൊണ്ടുള്ള ഒരു പഠനരീതി വേണമെന്നാണ് ഈ നബിവചനത്തിന്റെ താൽപര്യം. അർഹമായ പരിഗണന നൽകി നടത്തുന്ന പഠനരീതിക്കാണ്, മറ്റൊന്നിനും ലഭിക്കാത്ത അതിമഹത്തായ സ്ഥാനവും പരിഗണനയും അല്ലാഹു നൽകുന്നത്. ആ പഠിതാക്കൾക്ക് ഉപരിലോകത്തു നിന്ന് ശാന്തിയും സമാധാനവും വർഷിക്കുന്നു, കാരുണ്യം അവരെ പൊതിയുന്നു, മലക്കുകൾ അവരെ വലയം ചെയ്യുന്നു. സർവോപരി, അല്ലാഹു തന്റെ സമീപസ്ഥരായ മലക്കുകളോട് സന്തോഷത്തോടെയും അഭിമാനത്തോടെയും അവരെ പുകഴ്ത്തിപ്പറയുന്നു. മറ്റെന്താണ് ഖുർആൻ പഠിതാക്കൾക്ക് വേണ്ടത്!

ദൈവിക ഗ്രന്ഥത്തിന്റെ പഠന-പാരായണങ്ങൾക്കുള്ള ഉത്തമ കേന്ദ്രം ദൈവിക ഭവനം തന്നെ. അവിടെ ഒത്തുചേർന്ന നിസ്വാർഥരായ, ഖുർആനിനെ നെഞ്ചേറ്റാൻ സന്നദ്ധരായ വിശ്വാസികൾ ഖുർആനിൽ പാണ്ഡിത്യം നേടിയ ഗുരുനാഥന്റെ കീഴിൽ പഠനം നടത്തുന്നു. വിവിധ ഖുർആനിക വിഷയങ്ങളിൽ അവഗാഹം നേടിയവർ വിജ്ഞാനം പരസ്പരം കൈമാറാനുതകുന്നവിധം ചർച്ചകളും സംവാദങ്ങളും നടത്തുന്നു. അങ്ങനെ വൈജ്ഞാനിക വളർച്ചക്ക് ഉപയുക്തമായ ശാസ്ത്രീയ പഠനരീതി വികസിപ്പിച്ചെടുക്കുന്നു.

നബിയുടെയും പിൽക്കാല തലമുറകളുടെയും കാലത്തെ പഠനരീതിയാണ് ഹദീസിൽ സൂചിപ്പിച്ചിരിക്കുന്നത്. പള്ളി കേന്ദ്രമാക്കി പ്രവാചകൻ ഖുർആൻ പഠനം വ്യവസ്ഥാപിതമാക്കിയപ്പോൾ ജ്ഞാന സമ്പന്നരായ പുതിയൊരു തലമുറ ജന്മംകൊള്ളുകയായിരുന്നു. വിവിധ നാടുകളിൽനിന്നെത്തിച്ചേർന്നവരും വിവിധ വിജ്ഞാനശാഖകളിൽ പ്രാവീണ്യമുള്ളവരും പ്രവാചകന്റെ പള്ളിയിലൊത്തുചേർന്ന് ഈ രീതിയിൽ ഖുർആൻ പഠനം നടത്തിയപ്പോഴാണ് മുസ്‌ലിം സമൂഹത്തിന് വലിയ സാംസ്കാരിക-നാഗരിക മുന്നേറ്റം സാധ്യമായത്. ഖുർആൻ പഠനത്തെ ആസ്പദിച്ചാണ് അവർ വിവിധ ശാസ്ത്രശാഖകളിലേക്ക് സഞ്ചരിച്ചത്. പക്ഷേ, പിൽക്കാലത്ത് ഖുർആൻ പഠനത്തിന് വലിയ തിരിച്ചടിയുണ്ടായി. പാരായണത്തിലേക്കും പാരായണ നിയമങ്ങൾ പഠിക്കുന്നതിലേക്കും അത് ചുരുങ്ങി. ഖുർആനിലേക്കുള്ള ആശയസഞ്ചാരം നിലച്ചു. മുസ്‌ലിം ജനസാമാന്യം ഖുർആന്റെ ആശയങ്ങൾ മനസ്സിലാക്കുന്നത് അവർ വഴിതെറ്റുന്നതിന് ഇടയാക്കും എന്നുവരെ എത്തി പൗരോഹിത്യ ഫത്‌വകൾ!

ഖുർആൻ പഠനത്തിന് ഏറ്റവും മികച്ച കേന്ദ്രം പള്ളി തന്നെയാണ്. പക്ഷേ, പള്ളിയിൽ വെച്ചേ ഖുർആൻ പഠിക്കാവൂ എന്നില്ല. എവിടെയായിരുന്നാലും അതിന്റെ യഥാർഥ ചൈതന്യത്തോടെ നടന്നിരിക്കണം എന്നതാണ് പ്രധാനം. ●